# പേപ്പാറ

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ 53 ച.കി.മീറ്റർ വിസ്തൃതിയിൽ പേപ്പാറ വന്യജീവി സങ്കേതം സ്ഥിതിചെയ്യുന്നു. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ ഭാഗമായ പേപ്പാറ 1983-ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. കോട്ടൂർ റിസർവ്വിന്റെയും - പാലോട് റിസർവ്വ് വനത്തിന്റെയും ഭാഗങ്ങൾ ചേർന്നതാണ് പേപ്പാറ. ഈ സങ്കേതം തമിഴ്നാടിന്റെ കളക്കാട് - മുണ്ടൻതുറൈ കടുവാസംരക്ഷണ കേന്ദ്രത്തോട് ചേർന്ന് കിടക്കുന്നു. കടുവ, ആന, പുള്ളിപ്പുലി, കാട്ടുപോത്ത്, മ്ലാവ് കേഴമാൻ, കൂരമാൻ, കാട്ടുനായ്, വെള്ളക്കുരങ്ങ് എന്നീ വന്യജീവികളും ജലാശയ പക്ഷികളും അപൂർവ്വമായ ഇഴജന്തുക്കളും വിവിധതരം ചിത്രശലഭങ്ങളും നിശാശലഭങ്ങളും ഈ മേഖലയിൽ ഉണ്ട്. കോട്ടൂർ ആന പുനരധിവാസ കേന്ദ്രം ഈ സങ്കേതത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇക്കോ ടൂറിസം കേന്ദ്രമായ ഇവിടെ സഞ്ചാരികൾക്ക് ട്രക്കിംഗ് സൗകര്യവും താമസിക്കാൻ ഡോർമിറ്ററിയും ലഭ്യമാണ്.



തിരുവനന്തപുരത്തു നിന്നും റോഡുമാർഗ്ഗം നെടുമങ്ങാട് വിതുര വഴിയും കാട്ടാക്കട ആര്യനാട് മീനാങ്കൽ വഴിയും ഇവിടെ എത്തിച്ചേരാം.ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷനും എയർപോട്ടും (50 കി.മീ) തിരുവനന്തപുരമാണ്. തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ വന്യജീവി സങ്കേതം.
കൂടുതൽ വിവരങ്ങൾക്ക്


കൂടുതൽ വിവരങ്ങൾക്ക്
വൈൽഡ്ലൈഫ് വാർഡൻ,
നെയ്യാർ വൈൽഡ്ലൈഫ് സാങ്ച്വറി,
നെയ്യാർ ഡാം.പി.ഒ., തിരുവനന്തപുരം
04712360762, 94479 79082





